# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2367      08/7/2015 -ൽ മറുപടിക്ക്

## തിരുവനന്തപുരം ആറ്റിപ്ര ശ്രീമതി നാഗമ്മയ്ക്ക് കുടിവെള്ള കണക്ഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി.സി.ജോർജ്ജ് | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | വാട്ടർ അതോറിറ്റി അധികൃതരുടെ കടുത്ത അനാസ്ഥ കാരണം, തിരുവനന്തപുരം, ആറ്റിപ്ര വാർഡ്, കിഴക്കുംകര വാറുകാട് വിളയിൽ വീട്ടിൽ 73 കാരിയായ നാഗമ്മയ്ക്ക് 3 വർഷക്കാലമായി മീറ്ററും മറ്റും സ്ഥാപിച്ചിട്ട് കുടിവെള്ളം നൽകാതെ എല്ലാ മാസവും വാട്ടർ ബില്ല് നൽകി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;വിശദമാക്കുമോ; | (എ) | വാട്ടർ കണക്ഷൻ പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് എന്നാൽ ആദ്യ കണക്ഷൻ ഉത്തരവായതുമുതൽ അബാക്കസ് സോഫ്റ്റ് വെയറിലെ നടപടികൾ പ്രകാരം കമ്പ്യൂട്ടർ ജനറേറ്റഡ് ബില്ലുകൾ തയ്യാറാക്കുകയുണ്ടായി. പ്രസ്തുത അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 2009-2010 സാമ്പത്തിക വർഷം, നഗരസഭയുടെ 'ദുർബല ജനവിഭാഗങ്ങൾക്ക് നൽകുന്ന സൗജന്യ വാട്ടർ കണക്ഷൻ' പദ്ധതിയിൽപ്പെടുത്തിയാണ് (പ്രോജക്ട് നം.560/10c) നാഗമ്മയ്ക്ക് വാട്ടർ കണക്ഷൻ നൽകിയതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ; | (ബി) | ദുർബല ജനവിഭാഗങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകുന്ന പദ്ധതിയിൽപ്പെടുത്തി 06/2/2012-ൽ എ.പി.ഡബ്ല്യൂ/1916/ഡി എന്ന കണക്ഷനാണ് നൽകിയിട്ടുള്ളത്. |
| (സി) | 73 വയസ്സായ അനാഥയായ വീട്ടമ്മയ്ക്ക് കുടിവെള്ള കണക്ഷൻ അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | 10/6/2015-ൽ ശ്രീമതി. നാഗമ്മയ്ക്ക് കുടിവെള്ളം നൽകിത്തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/